©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2023 ജനുവരി 07<br>07th January 2023<br>1198 ധനു 23<br>23rd Dhanu 1198<br>1944 പൌഷം 17<br>17th Pousha 1944 | നമ്പർ<br>No. | 64 |

### കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

വിജ്ഞാപനം

നമ്പർ 18/ലെഗ്. സി2/2022/നിയമം.

*തിരുവനന്തപുരം, 2023 ജനുവരി 6*
*1198 ധനു 22*
*1944 പൌഷം 16.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2023 ജനുവരി 5-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# 2023-ലെ 1-ാം ആക്റ്റ്

## 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ്

1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1989-ലെ 19) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ, (എ) ഖണ്ഡത്തിൽ "കുപ്പിയിൽ നിറയ്ക്കൽ," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "ലേബൽ ഒട്ടിക്കൽ, വെയർ ഹൗസുകളിലോ മൊത്ത വിൽപനശാലകളിലോ ബാറുകളിലോ ക്ലബ്ബുകളിലോ" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

3. 3എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"3എ. അബ്കാരിത്തൊഴിലാളി അംഗങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കൽ.—(1) അബ്കാരിത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി ചേർക്കപ്പെടുന്ന തൊഴിലാളികളുടെ ഒരു രജിസ്റ്റർ തൊഴിലുടമയുടെ പേര് സൂചിപ്പിച്ചുകൊണ്ട് ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ സൂക്ഷിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) അബ്കാരിത്തൊഴിലാളി ക്ഷേമനിധിയിൽ ഓരോ വർഷവും അംഗത്വം നേടിയവരുടെയും അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യപ്പെട്ടവരുടെയും പേരും വിശദാംശങ്ങളും അടങ്ങുന്ന ഒരു ലിസ്റ്റ് ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ ഓരോ വർഷവും മാർച്ച് 31-ാം തീയതിക്കു മുൻപായി പൊതു അറിവിലേയ്ക്കും ആക്ഷേപമുണ്ടെങ്കിൽ രേഖപ്പെടുത്തുന്നതിനുമായി അദ്ദേഹത്തിന്റെ ആഫീസിലെയും അതിനു താഴെയുള്ള മറ്റെല്ലാ ആഫീസുകളിലെയും നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ച ലിസ്റ്റ് സംബന്ധിച്ചുള്ള ഏതെങ്കിലും ആക്ഷേപം, പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിച്ച് മുപ്പത് ദിവസത്തിനുള്ളിൽ ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ മുൻപാകെ സമർപ്പിക്കാവുന്നതാണ്.

(4) ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ എല്ലാ ആക്ഷേപങ്ങളും ബോർഡിന്റെ ചെയർമാൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(5) ബോർഡിന്റെ ചെയർമാൻ ആക്ഷേപങ്ങൾ പരിഗണിക്കേണ്ടതും, ബാധിക്കപ്പെട്ട ആളുകൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിന് ശേഷം തീരുമാനം കൈക്കൊള്ളേണ്ടതും, തീരുമാനത്തിന് അനുസൃതമായി ലിസ്റ്റിൽ തിരുത്തൽ വരുത്തേണ്ടതുമാണ്.".

4. 4-ാം വകുപ്പിനുള്ള ഭേദഗതി.—(1) പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) നിധിയിലേക്ക് തൊഴിലുടമ നൽകേണ്ട അംശദായം ഓരോ അബ്കാരിത്തൊഴിലാളിക്കും തത്സമയം നൽകുന്ന വേതനത്തിന്റെ പത്തു ശതമാനമായിരിക്കേണ്ടതും അബ്കാരിത്തൊഴിലാളിയുടെ അംശദായം അബ്കാരിത്തൊഴിലാളിയുടെ പ്രതിമാസ വേതനത്തിന്റെ പതിനൊന്നര ശതമാനം ആയിരിക്കേണ്ടതുമാണ്.";

(2) (2)-ാം ഉപവകുപ്പിൽ "അഞ്ചു ശതമാനത്തിന്" എന്ന വാക്കുകൾക്ക് പകരം "ഏഴ് ശതമാനത്തിന്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2022-ലെ കേരള അബ്കാരി (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

## ACT 1 OF 2023

## THE KERALA ABKARI WORKERS' WELFARE FUND (AMENDMENT) ACT, 2022

*An Act to amend the Kerala Abkari Workers' Welfare Fund Act, 1989.*

*Preamble.*—WHEREAS, it is expedient to amend the Kerala Abkari Workers' Welfare Fund Act, 1989 for the purposes hereinafter appearing;

BE it enacted in the Seventy-third year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Abkari Workers' Welfare Fund (Amendment) Act, 2022.

(2) It shall come into force at once.

2. *Amendment of section 2.*—In section 2 of the Kerala Abkari Workers' Welfare Fund Act, 1989 (19 of 1989) (hereinafter referred to as the principal Act), in clause (a), for the word "transport", the following words and symbols "labelling, transport to warehouses or wholesale shops or bars or clubs," shall be inserted.

3. *Insertion of new section 3A.*—After section 3 of the principal Act, the following section shall be inserted, namely:—

"3A. *Publication of list of Abkari Workers as members.*—(1) The Chief Welfare Fund Inspector shall keep a register of workers enrolled as members in the Abkari Workers' Welfare Fund, indicating the name of the employer.

(2) The Chief Welfare Fund Inspector shall publish each year a list containing the name and details of those who have got membership in the Abkari Workers' Welfare Fund and those who were removed from membership, before 31st March of each year, for public notice and to record objections, if any, in the notice board of his office as well as in all other offices subordinate to it.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

...ion regarding the list published as per sub-section (2) shall be ...e Chief Welfare Fund Inspector within 30 days from the publication of the

(4) The Chief Welfare Fund Inspector shall submit all objections before the Chairman of the Board.

(5) The Chairman of the Board shall consider objections and take a decision after giving a reasonable opportunity of being heard to the aggrieved persons and make changes in the list consequential to the decision.".

4. *Amendment of section 4.*—In section 4 of the principal Act,—

(1) for sub-section (1), the following sub-section shall be substituted, namely:—

"(1) The contribution which shall be paid by the employer to the fund shall be ten per cent of the wages for the time being payable to each of the abkari worker and the abkari workers' contribution shall be eleven and half per cent of the monthly wage of the abkari worker.";

(2) in sub-section (2), for the words "five per cent", the words "seven per cent" shall be substituted.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.01.07 08:44:36 +05:3